# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **5144** 22.05.2017 -ലെ മറുപടി

**വാമനപുരം ആറിന്റെ സംരക്ഷണത്തിനായി തയ്യാറാക്കിയ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വാമനപുരം ആറിന്റെ സംരക്ഷണത്തിനായി തയ്യാറാക്കിയ പദ്ധതികൾ വിശദമാക്കുമോ; | (എ) വാമനപുരം ആറിന്റെ സംരക്ഷണത്തിനായി താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br>1. കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തിൽ മീരാൻ കടവ് കറിച്ചട്ടിമൂല റോഡിൽ മീരാൻ കടവ് പാലത്തിനുസമീപം അഞ്ച് തെങ്ങ് കായലിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം.<br>2. വിതുര പഞ്ചായത്തിൽ തവയ്ക്കൻ കടവ് ഭാഗത്ത് ബലിക്കടവിന്റെ നിർമ്മാണവും വാമനപുരം നദിയുടെ ഇടതുകരയുടെ സംരക്ഷണവും സംബന്ധിച്ച പ്രവൃത്തി.<br>ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം KIIFB ധനസഹായത്തോടെ വാമനപുരം നദിയിലെ ആയിലം കടവിലും കാരേറ്റും റഗുലേറ്ററുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തികൾക്കാവശ്യമായ സൈറ്റ് ഇൻവെസ്റ്റിഗേഷനും ഡിസൈനും പുരോഗതിയിലാണ്. |
| (ബി) ഏതെല്ലാം ജലസേചന പദ്ധതികളാണ് ഈ നദിയിൽ നിലവിൽ ഉള്ളത്; | (ബി) ജലസേചന വകുപ്പിന്റെ കീഴിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ പൂവമ്പാറ പാലത്തിനു താഴ് ഭാഗം 40 മീറ്റർ വീതി 2 മീറ്റർ പൊക്കത്തിൽ ഉപ്പ് വെള്ളം കയറാതിരിക്കാൻ ഒരു ചെക്ക് ഡാം നിലവിലുണ്ട്.<br>ജലസേചന വകുപ്പിന്റെ കീഴിൽ വിതുര പഞ്ചായത്തിൽ ചെറ്റച്ചൽ സൂര്യകാന്തി കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസിനുസമീപം 28 മീറ്റർ വീതി, 1.5 മീറ്റർ പൊക്കത്തിൽ ഒരു ചെക്ക് ഡാം നിർമ്മിച്ചിട്ടുണ്ട്. |
| (സി) പ്രതിദിനം എത്ര ജലമാണ് പദ്ധതികളുടെ പ്രവർത്തനത്തിന് ആവശ്യമുള്ളത്; | (സി) വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള 19 കുടിവെള്ള പദ്ധതികളുടെ പ്രവർത്തനത്തിന് പ്രതിദിനം 68.28 എം.എൽ.ഡി ജലമാണ് |

| | |
|---|---|
| | ആവശ്യമായിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്ന പദ്ധതികളും പൂർത്തിയാക്കിയ പദ്ധതികളും കമ്മീഷൻ ചെയ്യുമ്പോൾ പ്രതിദിനം 39.22 എം.എൽ.ഡി ജലംകൂടി ആവശ്യമായി വരും. |
| (ഡി) ജലലഭ്യതയില്ലാത്തതിനാൽ ഏതെങ്കിലും പദ്ധതികളുടെ പ്രവർത്തനം നിലച്ചിട്ടുണ്ടോ; | (ഡി) ഉറവിടമായ വാമനപുരം നദിയിൽ ആവശ്യത്തിന് ജലമില്ലാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കിയ കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, പള്ളിപ്പുറം ടെക്നോസിറ്റിയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവയുടെ കമ്മീഷനിംഗ് നടത്താൻ സാധിച്ചിട്ടില്ല. വേണ്ടത്ര മുൻകരുതലുകൾ സ്വീകരിച്ചതിനാൽ നിലവിലുള്ള പദ്ധതികൾ ഒന്നും പൂർണ്ണമായി നിലച്ചിട്ടില്ല. |
| (ഇ) നദീസംരക്ഷണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ജനപ്രതിനിധികൾ അടക്കമുള്ളവരുടെ അഭിപ്രായം തേടിയിട്ടുണ്ടോ? | (ഇ) ജനപ്രതിനിധികളുടെ കൂടി നിർദ്ദേശാനുസരണമാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ